**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4730** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഡാം റിഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഡാം റിഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും നാളിതുവരെ എത്ര ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ; | (എ) | **2021-ൽ ആരംഭിച്ച ഡാം റിഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) ഘട്ടം-2-നായി നടപ്പ് സാമ്പത്തിക വർഷത്തിൽ (2022-23) ബജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ (2022-23) നാളിതു വരെ 12.88 കോടി രൂപയാണ് ചെലവാക്കിയത്. 4 ഘടകങ്ങളിൽ ആയിട്ടാണ് ഡ്രിപ്പ് ഘട്ടം-2 നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (ബി) | പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ എത്ര ഡാമുകൾ ഉൾപ്പെടുത്തിയിരുന്നുവെന്നും രണ്ടാംഘട്ടത്തിൽ എത്ര ഡാമുകളിലെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | **പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ജലസേചനവകുപ്പിന്റെ 16 ഡാമുകൾ (പഴശ്ശി, കുറ്റിയാടി, കാഞ്ഞിരപ്പുഴ, മലമ്പുഴ, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ, മൂലത്തറ റെഗുലേറ്റർ, ചിമ്മിനി, വാഴാനി, പീച്ചി, മലങ്കര, ഭൂതത്താൻകെട്ട് ബാരേജ്,കല്ലട, നെയ്യാർ) ഉൾപ്പെടുത്തിയിരുന്നു.<br><br>രണ്ടാം ഘട്ടത്തിൽ ജലസേചന വകുപ്പിന്റെ 15 അണക്കെട്ടുകളുടെ (മലമ്പുഴ,നെയ്യാർ,വാളയാർ, കുറ്റിയാടി, കാഞ്ഞിരപ്പുഴ, മലങ്കര, കല്ലട, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, പഴശ്ശി, ഭൂതത്താൻകെട്ട് ബാരേജ്, മണിയാർ ബാരേജ്, കാരാപ്പുഴ,മംഗലം) പുനരുദ്ധാരണ പ്രവൃത്തികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ഉൾപ്പെട്ടിട്ടുള്ളതിൽ 5 ഡാമുകളായ കുറ്റിയാടി, കാരാപ്പുഴ, മണിയാർ ബാരേജ്, കല്ലട, മലങ്കര എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ നിലവിൽ ഏറ്റെടുത്ത് നടത്തി വരുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | ഘടകം | 2021-22 (രൂപ കോടിയിൽ) | 2022-23 (രൂപ കോടിയിൽ) | നാളിതു വരെ ചെലവാക്കിയ തുക (രൂപ കോടിയിൽ) |
|---|---|---|---|---|
| 1) | Rehabilitation and Management Planning for dams and associated appurtenances -ഡാമുകളുടെ പുനരുദ്ധാരണവും കൂടാതെ അടിസ്ഥാന സൗകര്യ ങ്ങളുടെ വികസനവും നവീകര ണവും. | 4.02 | 10.76 | 14.78 |
| 2) | Dam Safety Institutional Strengthening - കെട്ടിടങ്ങൾ, പരിശീലന കേന്ദ്രങ്ങൾ തുടങ്ങി ഡാം സുരക്ഷയ്ക്കായി വേണ്ട സ്ഥാപനങ്ങളുടെ നിർമ്മാണവും നവീകരണവും | 3.17 | 1.49 | 4.66 |
| 3) | Risk informed asset management sustainable operation and maintenance of dam-ഡാം ടൂറിസം മുതലായവ നടപ്പിലാക്കി അതിൽ നിന്നും ലഭിക്കുന്ന തുകയുടെ വിഹിതം ഡാമിന്റെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസിനു ഉപയുക്തമാകും വിധമുള്ള പദ്ധതികൾ | 0 | 0 | 0 |
| 4) | Project Management- പ്രോജക്ട് പ്രവർത്തനങ്ങളെ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുവാൻ ആവശ്യമായ കൺസൽട്ടൻസികൾ, Vehicle hiring, Operational cost മുതലായവ. | 0.13 | 0.63 | 0.76 |
| | ആകെ (രൂപ കോടിയിൽ) | 7.32 | 12.88 | 20.20 |

സെക്ഷൻ ഓഫീസർ